**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 239** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ന്യായവില സാധനങ്ങളുടെ ലഭ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** വിലക്കയറ്റം തടയുന്നതിനും ജനങ്ങൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിലക്കയറ്റം തടയുന്നതിനും ജനങ്ങൾക്ക് ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് ജില്ല/താലൂക്ക് തലങ്ങളിൽ പൊതു വിപണിയിൽ പതിവായി പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ച് വരുന്നു. ഉത്സവ സീസണുകളിൽ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താറുണ്ട്. വകുപ്പുതല സ്ക്വാഡുകളുടെ നേതൃത്വത്തിൽ വിപണിയിൽ പരിശോധന നടത്തി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാനതല കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ജില്ല കളക്ടർ, പൊതുവിതരണ ഉപഭോക്തൃകാര്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗം ചേർന്ന് വിപണി സാഹചര്യം വിലയിരുത്തുകയും റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ വകുപ്പ് കമ്മീഷണർ മുഖേന കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്ത് വരുന്നു. കൂടാതെ അവശ്യവസ്തുക്കളുടെ വില നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി ഒരു 'Price Monitoring Cell' സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയരൂപീകരണത്തിനായി 14 ജില്ലകളിൽ നിന്നും വിപണി വില ശേഖരിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സഹായത്തോടെ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നു.

പച്ചക്കറികളും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി വിപണി ഇടപെടൽ നടത്തുന്നതിന്, 315 കോടി രൂപ സപ്ലൈകോയ്ക്ക് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം അവശ്യസാധനങ്ങൾ 20% – 35% വരെ വിലക്കുറവിൽ വിതരണം ചെയ്ത് പ്രതിമാസം 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നു. കൂടാതെ 41 ഇനം സാധനങ്ങൾ 10%–30% വരെ വിലക്കുറവിൽ (FSSR നിരക്കിൽ) റേഷൻ കാർഡ് ഇല്ലാതെയും ലഭ്യമാക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും ആകർഷിക്കുന്ന രീതിയിൽ സപ്ലൈകോ വിൽപനശാലകൾ നവീകരിച്ചു കൊണ്ടിരിക്കുകയാണ്. ഈ വർഷം 100 സപ്ലൈകോ വിൽപനശാലകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കർശന പരിശോധനകൾക്ക് ശേഷം

പൊതുവിപണിയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ വിറ്റുവരുന്നു. 'ശബരി' ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കും. സപ്ലൈകോയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ERP, e-Office സംവിധാനങ്ങൾ നടപ്പിലാക്കുകയും ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോ മെഡിക്കൽ ഷോപ്പുകൾ വഴി ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നു. ഇൻസുലിൻ MRP യിൽ നിന്ന് 20% മുതൽ 24% വരെ വിലക്കുറവിലും മറ്റു മരുന്നുകൾ MRP യിൽ നിന്ന് 13% മുതൽ 25% വരെ വിലക്കുറവിലും വിൽപ്പന നടത്തിവരുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 1,622 വിൽപനശാലകളും, തീരദേശ/മലയോര/ആദിവാസി മേഖലകളിൽ സേവനം എത്തിക്കുന്നതിനായി 16 മൊബൈൽ സൂപ്പർ മാർക്കറ്റുകളും/മാവേലി സ്റ്റോറുകളും വഴി കാര്യക്ഷമമായ വിതരണം ഉറപ്പുവരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**